# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/116/2018 2018 ജൂൺ 01

## പത്രക്കുറിപ്പ്

**പുതുക്കിയ പരീക്ഷാ തീയതി**

ജൂൺ 5, 7 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന മൂന്നും നാലും സെമസ്റ്റർ ബി.എ./ബി.കോം (2016 അഡ്മിഷൻ - സി.ബി.സി.എസ്.എസ്. - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം ജൂൺ 22, 25 തീയതികളിൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

**എം.ജി. ബിരുദ ഏകജാലകം:**
**ജാതിസംവരണം ഒഴികെയുള്ള സംവരണ സീറ്റുകളിലേക്കുള്ള പ്രവേശനം ജൂൺ 4ന് നടക്കും**

സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ വിഭാഗങ്ങളിലേക്കുള്ള പ്രവേശനം ജൂൺ 4ന് അതാത് കോളേജുകളിൽ വച്ച് നടത്തും. മേൽ വിഭാഗങ്ങളിലേക്കുള്ള റാങ്ക്ലിസ്റ്റ് ഇന്ന് (ജൂൺ 2) രാവിലെ 10ന് കോളേജുകളിൽ പ്രസിദ്ധീകരിക്കും. കോളേജധികൃതർ റാങ്ക് ലിസ്റ്റുകൾ ഇന്ന് വൈകുന്നേരം 5ന് മുമ്പായി അപ്‌ലോഡ് ചെയ്യണം. പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജധികൃതർ ജൂൺ 4ന് തന്നെ ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ നിർബ്ബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിൽ വീഴ്ചവരുത്തിയാൽ കോളേജ് അധികൃതർ ഉത്തരവാദികളായിരിക്കും. മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വാട്ടകളിലേക്കുള്ള പ്രവേശന നടപടികൾ സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂൾ അനുസരിച്ച് മാത്രമേ നടത്തുവാൻ പാടുള്ളൂ. ഇതിനു വിരുദ്ധമായ പ്രവർത്തനങ്ങൾ സർവ്വകലാശാല ഗൗരവമായി കാണുന്നതും അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്.

മേൽപ്പറഞ്ഞ സംവരണ വിഭാഗങ്ങളിലേക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ സർവ്വകലാശാലയിലേക്ക് ഒടുക്കേണ്ട ഫീസ് കോളേജധികൃതർക്ക് ലഭ്യമാക്കിയിട്ടുള്ള ഓൺലൈൻ പോർട്ടൽ വഴി പ്രവേശനദിവസം തന്നെ അടയ്ക്കേണ്ടതാണ്.

**എം.ജി. ബിരുദ ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ നാളെ (ജൂൺ 3) അവസാനിക്കും**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ഡിഗ്രി പ്രോഗ്രാമുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ നാളെ (ജൂൺ 3) വൈകിട്ട് 5 മണിക്ക് അവസാനിക്കും.

**ബി.എ./ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ**

തപാൽ സമരം മൂലം തപാൽ ഉരുപ്പടികളുടെ നീക്കം തടസ്സപ്പെട്ടതിനാൽ, മൂന്നും നാലും സെമസ്റ്റർ ബി.എ./ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ ജൂൺ 2018 പരീക്ഷയ്ക്ക് മെയ് 15ന് ശേഷം തപാലിൽ അപേക്ഷ അയച്ചിട്ടുള്ള വിദ്യാർത്ഥികൾ തങ്ങളുടെ അപേക്ഷകൾ യഥാസമയം സർവ്വകലാശാലയിൽ ലഭിച്ചിട്ടുണ്ടെന്ന് ബി.എ./ബി.കോം (പ്രൈവറ്റ്) സെക്ഷനുകളുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തണം.

**വാക്ക് ഇൻ ഇന്റർവ്യൂ**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ സീനിയർ ഹാർഡ്‌വെയർ/നെറ്റ്‌വർക്ക് എഞ്ചിനീയർ തസ്തികയിൽ നിയമനം നടത്തുന്നതിനായി ജൂൺ 7ന് സർവ്വകലാശാലാ ആസ്ഥാനത്ത് വച്ച് വാക്ക് - ഇൻ - ഇന്റർവ്യൂ നടത്തുന്നു. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0481 - 2733303.

**പരീക്ഷാഫലം**

2017 ഡിസംബർ മാസത്തിൽ നടത്തിയ ഒന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 14 വരെ അപേക്ഷിക്കാം.

**എം.ജി. : വിവിധ ഓൺലൈൻ സേവനങ്ങളുടെ ഉദ്ഘാടനം നടന്നു**

മഹാത്മാഗാന്ധി സർവ്വകലാശാലാ ബഡ്ജറ്റ് മോണിറ്ററിംഗിന്റെ ഭാഗമായി മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ഓൺലൈൻ സേവനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിച്ചു. ലോകത്തിന്റെ ഏതു കോണിൽ നിന്നും അപേക്ഷിക്കുവാനും അപേക്ഷയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി നൽകുന്ന സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാനും, ലഭിച്ച സർട്ടിഫിക്കറ്റ് ഒറിജിനൽ ആണോ എന്ന് പരിശോധിക്കുവാനുമുള്ള ഓൺലൈൻ സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. മൈഗ്രേഷൻ സർട്ടിഫിക്കറ്റുകൾ, മെട്രിക്കുലേഷൻ റക്കൊഗ്നിഷൻ, കോളേജ് ട്രാൻസ്ഫർ, എൻ.എസ്.എസ്. അഡ്മിഷൻ മുതൽ ഗ്രേസ് മാർക്ക് ദാനം വരെ എന്നീ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ മുഖേന ലഭ്യമാകും. സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽവച്ച് നടന്ന ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. കെ. ഷെറഫുദ്ദീൻ, ഡോ. എ. ജോസ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. അജി സി. പണിക്കർ, ഡോ. എം.എസ്. മുരളി, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പ്ര എന്നിവർ പങ്കെടുത്തു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലാ ബഡ്ജറ്റ് മോണിറ്ററിംഗിന്റെ ഭാഗമായുള്ള ഓൺലൈൻ സേവനങ്ങളുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. കെ. ഷെറഫുദ്ദീൻ, ഡോ. എ. ജോസ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. അജി സി. പണിക്കർ, ഡോ. എം.എസ്. മുരളി, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പ്ര, എന്നിവർ സമീപം**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**